<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303**</u> <u>**03-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കോതമംഗലത്ത് ആരംഭിക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ആന്റണി ജോൺ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മാലിന്യ നിർമ്മാർജ്ജനത്തിനായി കോതമംഗലം നഗരസഭയെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>നിലവിൽ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് (കെ..എസ്.ഡബ്ല്യൂ.എം.പി.) ഒന്നാംവർഷ (2022-23) പദ്ധതിയിൽ 96ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>ഖരമാലിന്യ പരിപാലന പ്ലാൻ അന്തിമമാക്കുന്നതിന് അനുസരിച്ച് തുടർ വർഷങ്ങളിലെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കോതമംഗലം നഗരസഭയിലെ കുമ്പളത്തുമുറി ഡംപ്സൈറ്റിലെ മാലിന്യ നിക്ഷേപം ബയോമൈനിംഗ് നടത്തി വീണ്ടെടുക്കുന്നതിന് 6.08 കോടി രൂപയുടെ പദ്ധതി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേനയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മാലിന്യ നിർമ്മാർജ്ജനത്തിനായി 2025-26 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.<br><br>1. മാലിന്യം വളം ആക്കി മാറ്റുന്നതിനുള്ള ഇനോകുലം വാങ്ങൽ - 10 ലക്ഷം രൂപ.<br><br>2. മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ പരിപാലനവും തുടർ പ്രവർത്തനവും - 10 ലക്ഷം രൂപ.<br><br>3. ഹരിതകർമ്മ സേനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പരിപാടികളും - 11 ലക്ഷം രൂപ.<br><br>SBM (Urban) ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിച്ചിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ചുവടെ ചേർക്കുന്നു. പ്രസ്തുത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നഗരസഭ നടപ്പിലാക്കി വരുന്നു.<br><br><table><tr><th>Sl.No.</th><th>Component</th><th>Capacity</th></tr><tr><td>1</td><td>IHHL</td><td>60 units</td></tr></table></td></tr>
</table>

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>2</td><td>Public Toilet</td><td>17 seats</td></tr>
<tr><td>3</td><td>Aspirational Toilet</td><td>5 seats</td></tr>
<tr><td>4</td><td>Urinals</td><td>10 seats</td></tr>
<tr><td>5</td><td>Compost plant</td><td>5.7 TPD</td></tr>
<tr><td>6</td><td>MRF</td><td>1.1 TPD</td></tr>
<tr><td>7</td><td>Legacy waste remediation</td><td>23932 MT</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?</td><td>(ബി)</td><td>കേരള സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രൊജക്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് കോതമംഗലം നഗരസഭയുടെ ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ കൺസൾട്ടേഷൻ മീറ്റിംഗ് നടത്തുകയും, ചർച്ചയിൽ ലഭിച്ച അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് എസ്.ഡബ്ല്യൂ.എം പ്ലാൻ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ നിലവിൽ ഏറ്റെടുത്തിട്ടുള്ള ഒന്നാം വർഷ പ്രോജക്ടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും 2024-25 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

**KSWMP ഒന്നാം വർഷ പദ്ധതികൾ**

| ക്രമ നം | സുലേഖ പ്രൊജക്റ്റ് നം | പ്രൊജെക്ടിന്റെ പേര് | വകയിരുത്തിയ തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 350/25 | ബയോ കംപോസ്റ്റർ ബിൻ സ്ഥാപിക്കൽ - ഇൻസ്റ്റിട്യൂഷണൽ ലെവൽ | 82963 | പൂർത്തീകരിച്ചു . |
| 2 | 347/25 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ സംവിധാനം ഒരുക്കൽ | 810406 | |
| 3 | 348/25 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറെറ്റർ സ്ഥാപിക്കൽ | 397716 | |
| 4 | 349/25,351/25, 352/25,353/25, 354/25,356/25, 357/25,358/25, 359/25,360/25, 361/25 | വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് , എം സി എഫ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ | 8281980 | ടെൻഡർ പബ്ലിഷ് ചെയ്തിട്ടുള്ളതാണ് |

**ഒന്നാം വർഷ പ്രോജെക്ടുകളുടെ ആകെ തുക (രൂപ) : 95,73,065/-**

MUNICIPAL OFFICE
MUNICIPAL COUNCIL
KOTHAMANGALAM

## കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ. നം | പ്രൊജക്റ്റ് | വകയിരുത്തിയ തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കോതമംഗലം നഗരസഭയിൽ 6 ആം വാർഡിൽ സ്ഥിതി ചെയ്യുന്ന കുമ്പളത്തുമുറി ഡംപ് സൈറ്റിൽ ബയോമൈനിങ് | 6.08 കോടി | പദ്ധതി ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്.കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി ലഭിച്ചിട്ടുള്ളതും , ടോപോഗ്രാഫിക് സർവ്വേ , ബോർ ഹോൾ ഇൻവെസ്റ്റിഗേഷൻ , ബേസ് ലൈൻ പഠനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുള്ളതുമാണ് |

2024-25 വാർഷിക പദ്ധതി- മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

| Project No | Project Name Mal | Impl Code | Project Type | Fund Description | FundTotal |
|---|---|---|---|---|---|
| 120 | വാർഡുകളില് മിനി എം സി എഫ് നിർമാണം | AE (LSGD) | New | Development Fund(CFC tied Grant ) - 2500000 | 2500000 |
| 122 | മാലിന്യം വളമാക്കി മാറ്റുന്നതിനുള്ള ഇനോക്കുലം വാങ്ങൽ | HO (Mu) | New | Development Fund(CFC tied Grant ) - 600000 | 600000 |
| 123 | ഹരിത കർമ്മസേനയുമായി ബന്ധപ്പെട്ട പരിപാടികളും പ്രവർത്തനങ്ങളും | HO (Mu) | New | Development Fund(CFC tied Grant ) - 1200000 | 1200000 |
| 127 | മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ പരിപാലനം തുടർപ്രവർത്തനങ്ങൾ | HO (Mu) | New | Development Fund(CFC tied Grant ) - 1000000 | 1000000 |
| 250 | നഗരത്തിൽ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും സി സി ടി വി സ്ഥാപിക്കൽ | AE (LSGD) | SO | Voluntary Contributions/Donations - 1500000 , Development Fund(CFC tied Grant ) - 1000000 | 2500000 |

| | | | | | |
|---|---|---|---|---|---|
| 273 | എം സി എഫ്(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)സ്ഥാപിക്കൽ | AE (LSGD) | SO | Development Fund(CFC tied Grant ) - 251245 | 251245 |
| 299 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ക്യമറകൾ സ്ഥാപിക്കൽ | HO (Mu) | SO | Development Fund(CFC tied Grant ) - 1350000 | 1350000 |
| 301 | മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് ബെയ് ലിംഗ് യുണിറ്റ് വാങ്ങൽ | HO (Mu) | SO | Development Fund(CFC tied Grant ) - 500000 | 500000 |
| 304 | മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ക്യാമറ സ്ഥാപിക്കൽ | HO (Mu) | SO | Development Fund(CFC tied Grant ) - 460000 | 460000 |
| 317 | മാലിന്യ സംസ്കരണത്തിന് സംവിധാനം ഒരുക്കൽ ഗാർഹിക തലം ജി ബിൻ | HO (Mu) | New | Development Fund(CFC Basic Grant ) - 3600 , Own Fund - 1238 , Beneficiary Contribution/Donations (Remitted to the Panchayat) - 817000 , Development Fund(CFC tied Grant ) - 2446162 | 3268000 |
| 327 | എം ആർ എഫ് ആർ ആർ എഫ് സെന്റർ വൈദ്യുതീകരണം | AE (LSGD) | New | Development Fund(CFC tied Grant ) - 407200 | 407200 |
| 334 | SBM PHASE 2 - കുമ്പളത്തുമുറിയിൽ MCF നിർമ്മാണം | AE (LSGD) | New | Centrally Sponsored Scheme Fund - 467500 , State Sponsored Scheme Fund - 308550 , Development Fund(CFC tied Grant ) - 158950 | 935000 |
| 337 | SBM PHASE 2 - മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കൽ | AE (LSGD) | New | Centrally Sponsored Scheme Fund - 3162500 , State Sponsored Scheme Fund - 2087250 , Development Fund(CFC tied Grant ) - 1075250 | 6325000 |
| 341 | മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്കും വേസ്റ്റ് നീക്കം ചെയ്യുന്നതിനും | HO (Mu) | New | Development Fund(CFC tied Grant ) - 3500000 | 3500000 |

| | | | | | |
|---|---|---|---|---|---|
| | ആവശ്യമായ യന്ത്രസാമഗ്രികൾ വാഹനങ്ങൾ വാങ്ങൽ | | | | |
| 346 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | AE (LSGD) | New | Development Fund(CFC Basic Grant ) - 3600 , Own Fund - 5082 , Development Fund(CFC tied Grant ) - 191318 | 200000 |
| 378 | ഇനോക്കുലം പ്രൊഡക്ഷൻ യൂണിറ്റ് പ്രവർത്തനം | HO (Mu) | New | Development Fund(CFC tied Grant ) - 300000 | 300000 |
| 381 | സ്കൂളുകളിൽ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ | HO (Mu) | New | Development Fund(CFC tied Grant ) - 200000 | 200000 |
| 387 | എംസിഎഫ് നിർമ്മാണം പൂർത്തീകരണം | AE (LSGD) | New | Development Fund(CFC tied Grant ) - 500000 | 500000 |
| 393 | മുനിസിപ്പൽ ഡംപിംഗ് യാർഡിൽ വിൻഡ്രോ കംപോസ്റ്റ് പ്ലാന്റ് റൂഫിംഗ് | AE (LSGD) | New | Development Fund(CFC tied Grant ) - 740000 | 740000 |
| 396 | എംസിഎഫ് നിർമ്മാണം - തുക നൽകൽ | AE (LSGD) | New | Development Fund(CFC tied Grant ) - 2760000 | 2760000 |
| 397 | നഗരത്തിൽ മാലിന്യം നിക്ഷേപിക്കുന്ന ഇടത്തിലും പൊതു ഇടങ്ങളിലും സിസിറ്റിവി സ്ഥാപിക്കൽ - ലൈൻ എക്സ്റ്റൻഷൻ | AE (LSGD) | New | Development Fund(CFC tied Grant ) - 120000 | 120000 |

MUNICIPAL OFFICE
MUNICIPAL COUNCIL
KOTHAMANGALAM